File No.FandP-C2/553/2019-FandP

14257
5/10/19

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - കോഴിക്കോട് ജില്ലയിലെ തെക്കേ ചോമ്പാൽ ബീച്ച് റോഡ് മുതൽ കിഴക്കേ ചാലിൽ വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(സാധാ) നം.704/2019/മ.തു.വ തിരുവനന്തപുരം, 27/09/2019

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29/08/2019 ലെ ഡി7/1825/2015/സി.ഇ നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ തെക്കേ ചോമ്പാൽ ബീച്ച് റോഡ് മുതൽ കിഴക്കേ ചാലിൽ വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ, പരാമർശം പ്രകാരം സമർപ്പിച്ച 38.30 ലക്ഷം രൂപയുടെ (മുപ്പത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോഴിക്കോട് ജില്ലയിലെ തെക്കേ ചോമ്പാൽ ബീച്ച് റോഡ് മുതൽ കിഴക്കേ ചാലിൽ വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്കായി 38.30 ലക്ഷം രൂപയുടെ (മുപ്പത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് ഭരണാനുമതിയും ഇതിനാവശ്യമായ തുക 2019-20 സാമ്പത്തിക വർഷത്തെ "4405 Capital Outlay on Fisheries - 103 Marine Fisheries - 94 Upgradation of Coastal Roads" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by DEEPTHI K GOPAL
Date 2019.09.27 24 20 IST
Reason Approved
സെക്ഷൻ ഓഫീസർ